**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **24-08-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി / ഖാദി വ്യവസായ മേഖലകളിൽ കൊവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുനരുജ്ജീവനത്തിന്റെ പാതയിലായിരുന്ന കൈത്തറി/ ഖാദി വ്യവസായ മേഖലകളിൽ കൊവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; | (എ) | പുനരുജ്ജീവനത്തിന്റെ പാതയിലായിരുന്ന കൈത്തറി / ഖാദി വ്യവസായ മേഖലകളിൽ കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുവരുന്നു.<br><br>കോവിഡ് - 19 വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി/ഖാദി മേഖലകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 വർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020ലെ സി.ഡി. എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.20 22ലെ സി. ഡി.എൻ2/1/2022/ പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി / ഖാദി ഉല്പന്നങ്ങൾക്ക് വിപണിയിൽ ഉണർവ്വുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>**<u>കൈത്തറി മേഖല</u>**<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെയും നിലനിൽപ്പിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി കോവിഡിന്റെ പശ്ചാത്തലത്തിൽ, സർക്കാർ അനുവദിച്ച് നൽകിയ 56 റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും കൂടുതലായി അനുവദിച്ച നൽകി. |

| | | | |
|---|---|---|---|
| | | | **<u>ഖാദി മേഖല</u>**<br><br>കോവിഡ്-19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 14 കോടി രൂപ 12,500 തൊഴിലാളികൾക്കായി വിതരണം ചെയ്തു. കൂടാതെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഓരോ ഖാദി തൊഴിലാളിക്കും 2,000/- രൂപ വീതം നൽകി. ഖാദി ക്ഷേമനിധി ബോർഡിൽ നിന്നും ഖാദി തൊഴിലാളികൾക്ക് 1,000/- രൂപ വീതം രണ്ടു പ്രാവശ്യം അനുവദിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ അതിജീവിക്കാൻ മാസ്കുകൾ നിർമ്മിച്ച് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 23,000 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുവാനും സാധിച്ചു.<br><br>കോവിഡ് കാലഘട്ടത്തിന് ശേഷം എല്ലാ ഉല്പാദന കേന്ദ്രങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ മാസം വരെയുള്ള "ഇൻകം സപ്പോർട്ട്" തൊഴിലാളികൾക്ക് അനുവദിച്ചു നൽകുകയുണ്ടായി. തൊഴിലാളികളുടെ അധ്വാന ഭാരം കുറയ്ക്കുന്നതിന് അവരുടെ തൊഴിൽ ഉപകരണമായ ചർക്കയിൽ പരിഷ്കാരങ്ങൾ നടത്തുവാൻ കേരള കയർ മെഷീൻ & മാനുഫാക്ച്ചറിങ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ സമഗ്രമായ മാറ്റം കൈവരിക്കുന്നതിന് ആവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി) ചെന്നൈ - യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോട്ടയം ടെക്സ്റ്റയിൽസ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | സാമ്പത്തിക പ്രതിസന്ധി കാരണം വൈദ്യുതി തുക അടയ്ക്കാതെ വൈദ്യുതി വിച്ഛേദിച്ചതിനാൽ 2020 ഫെബ്രുവരി 7 മുതൽ ലേഓഫിൽ ആയിരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഈ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി 2021 നവംബർ 15 മുതൽ പ്രവർത്തനം പുന:രാരംഭിച്ചു. ആകെ 57 മെഷീനുകളാണ് മില്ലിലുള്ളത്. ഇതിൽ തകരാറിലായിരുന്ന മെഷീനുകൾ പ്രവർത്തന സജ്ജമാക്കി ഇപ്പോൾ മില്ലിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നുണ്ട്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി ഒന്നരക്കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു. തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം പുന:രാരംഭിച്ചതിനുശേഷം, ബാക്കി തുകയായ 3.2 കോടി രൂപ |

| | | | |
|---|---|---|---|
| | | | തുടർപ്രവർത്തനങ്ങൾക്കായി അനുവദിച്ചു നൽകുകയും ചെയ്തു.<br><br>2022-2023 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 21.91 കോടി രൂപയാണ്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി 738.88 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദീകരിക്കാമോ; | (സി) | കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയായ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നിലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7 വരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് സ്കൂളിലെ 1-4വരെയുള്ള വിദ്യാർത്ഥികൾക്കും 2 ജോഡി വീതം കൈത്തറി യൂണിഫോം തുണി സൗജന്യമായി നൽകി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിട്ട് 6 വർഷം പിന്നിടുകയാണ്. പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം തൽക്കാലം പരിഗണനയിലില്ല. |
| (ഡി) | ഹാൻവീവിനും മറ്റു കൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ നാളിതുവരെ വിവിധ കൈത്തറി സ്ഥാപനങ്ങൾക്കായി സർക്കാർ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ; | (ഡി) | ഹാൻവീവിന് നിലവിൽ റിബേറ്റ് കുടിശ്ശിക ഇല്ല. ഹാന്റക്സിന്റെ 80,16,007/- രൂപയുടെയും വിവിധ പ്രാഥമിക കൈ ത്തറി സംഘങ്ങളുടെ ഏകദേശം ഒരു കോടി മുപ്പത്താറു ലക്ഷം രൂപയുടെയും റിബേറ്റ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ അർഹത പരിശോധിച്ച് വരുന്നു. അർഹതയുള്ളവർക്ക് തുക അനുവദിക്കുന്നതാണ്. ന്യൂനതയുള്ള അപേക്ഷകളുടെ അപാകത പരിഹരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. അവ അപാകത പരിഹരിച്ചു ലഭ്യമാകുന്ന മുറയ്ക്ക് അർഹത അംഗീകരിക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷം റിബേറ്റ് പദ്ധതിയ്ക്ക് അനുവദിച്ച 10 കോടി രൂപയിൽ 76,75,441/- രൂപ ഹാന്റക്സ്, വിവിധ കൈത്തറി സഹകരണ സംഘങ്ങൾ എന്നിവർക്ക് നൽകിയിട്ടുണ്ട്. റിബേറ്റ് പദ്ധതിക്ക് കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ച മുഴുവൻ തുക യും ഹാന്റക്സ്, ഹാൻവീവ് വിവിധ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഇ) | കൈത്തറി മേഖലയിലേക്ക് യുവജനങ്ങൾ കടന്നുവരാത്തതും ഉല്പന്നങ്ങളുടെ ഉയർന്ന വിലയും ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇത് |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി 18നും 40നുമിടയിൽ പ്രായമുള്ള, നെയ്ത്തിൽ പരിചയം ലഭിച്ചിട്ടില്ലാത്ത യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി, സ്വന്തമായി തറിയും നെയ്ത്തുപകരണങ്ങളും നൽകി നെയ്ത്തുകാരാക്കുന്ന പദ്ധതിയായ "യുവവീവ്" നടപ്പിലാക്കി വരുന്നു.<br><br>കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സ്വയം തൊഴിൽ സംരം ഭം." കൂടാതെ തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരിക്കുന്നതിനും ധനസഹായവും നൽകി വരുന്നു.<br><br>ഉത്സവ സമയങ്ങളിൽ കൈത്തറി ഉല്പന്നങ്ങൾ വില കുറച്ച് വിൽക്കുന്നതിനായി 20% റിബേറ്റും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ